# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Phone : 0484 -2730150**
**General Secretary. Personal - 9745046911**


**No. M/C/001/ 2020**

**Date: 16- 12- 2019**

**കർത്താവിൽ പ്രിയമുള്ള സഹപ്രവർത്തകരെ,**

യേശുവിന്റെ രക്ഷാകരമായ ജനനപ്പെരുന്നാളിനെ തുടർന്ന് നാം ഒരു പുതുവർഷത്തിലേക്കു കടക്കുകയാണല്ലോ. കഴിഞ്ഞ നാളുകളിൽ ദൈവം നമ്മെ അനുഗ്രഹകരമായി നടത്തിയതിനെ ഓർത്തു ദൈവത്തെ മഹത്വപ്പെടുത്താം. നമ്മുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വന്നു പോയിട്ടുള്ള കുറവുകളെ കണ്ടെത്തി അവയെ തിരുത്തി നമുക്കു മുന്നോട്ടു പോകാം. സത്യമായവയും, നീതിയായവയും, പരിപക്വമായവയും, നിർമ്മലമായവയും, സ്നേഹയോഗ്യമായവയും, സ്തുത്യർഹമായവയും, ചിന്തിക്കുകയും, ദൈവമഹത്വത്തിനും പുകഴ്ചയ്ക്കും ആയി നാം പ്രവർത്തിക്കുകയും, കുട്ടികളെ അത്തരത്തിൽ വളർത്തിയെടുക്കുകയും ചെയ്യുവാൻ നമുക്കു സാധിക്കണം. എം.ജെ.എസ്.എസ്.എ. യുടെ ചിട്ടയായ പ്രവർത്തനങ്ങൾക്കു ഈ സർക്കുലർ വഴി ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ ബാലികാ ബാലന്മാരെ സഭയുടെ കാതോലികവും ശ്ലൈഹികവും, വേദപുസ്തകപരവും ചരിത്രപരവുമായ സത്യവിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും അപ്പൊസ്തലിക പാരമ്പര്യങ്ങളേയും കുറിച്ച് യഥാർത്ഥമായ ബോധനം നൽകുന്നതോടൊപ്പം, അവരെ ആരാധനാ പരിശീലനം നൽകി ജീവനുള്ള ക്രിസ്ത്യാനികളായി വളർത്തുകയും, സദാചാരബോധമുള്ള; രാജ്യത്തിന്റെ ഉത്തമ പൗരന്മാരാക്കുകയും ചെയ്യുക എന്നതാണ് എം.ജെ.എസ്.എസ്.എ.യുടെ പരമപ്രധാനമായ ലക്ഷ്യമെന്നറിയാമല്ലോ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന്നാവശ്യമായ പഠനങ്ങളും ഉപദേശങ്ങളുമാണ് ഈ പ്രസ്ഥാനത്തിലൂടെ ലഭ്യമാക്കേണ്ടത്. ആയതിന് പ്രാപ്തിയുള്ള അദ്ധ്യാപക സമൂഹമാണ് ഇന്ന് സഭയിൽ ആവശ്യം. മറ്റുള്ളവർക്കു നന്മ ചെയ്യുവാനും, നന്മകൾ പ്രചരിപ്പിക്കുവാനും നമുക്ക് സാധിക്കണം. ഒരുവനിലുള്ള കുറ്റങ്ങളേയും കുറവുകളേയും സ്നേഹബുദ്ധ്യ ഉപദേശിക്കുവാൻ നമുക്ക് സാധിക്കണം. ജീവിതത്തിൽ നല്ല മൂല്യങ്ങൾ ഉണ്ടാകണം. അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് മാതൃകയാകണം. ഈ വർഷത്തെ നല്ല പ്രവർത്തനങ്ങൾക്കായി ചില പ്രധാന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ സർക്കുലറുകളും അദ്ധ്യാപകർക്കു സർക്കുലേറ്റ് ചെയ്യുകയോ അദ്ധ്യാപക യോഗത്തിൽ വായിച്ചു ബോദ്ധ്യപ്പെടുത്തുകയോ ചെയ്യണം. അവ പാലിച്ചു പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്.
2. 2020 ജനുവരി 5-ാം തീയതി പ്രമോഷൻ നൽകി പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിക്കണം.
3. എല്ലാ ഞായറാഴ്ചകളിലും അദ്ധ്യാപകരും കുട്ടികളും നിർബന്ധമായും വി.കുർബ്ബാനയിൽ ആരംഭം മുതൽ പങ്കെടുക്കണം.
4. സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും ഞായറാഴ്ചകളിൽ കഴിവതും വെള്ള വസ്ത്രം ധരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
5. അദ്ധ്യാപകരും കുട്ടികളും എല്ലാ ക്ലാസുകളിലും മുടക്കം കൂടാതെ കൃത്യസമയത്ത് ഹാജരാകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
6. സൺഡേസ്കൂളിൽ അദ്ധ്യാപകരുടെ കുറവ് ഉണ്ടെങ്കിൽ ഇടവകയിൽ അതിനു യോഗ്യരായവരേയും പ്ലസ്സ് ടൂ പഠിച്ച് പാസായിട്ടുള്ള സമർത്ഥരായവരെയും അദ്ധ്യാപകരായി നിയമിക്കാവുന്നതാണ്.
7. സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നന്നായി പഠിപ്പിക്കുന്നതോടൊപ്പം രണ്ടു നേരമുള്ള കുടുംബപ്രാർത്ഥന ശീലമാക്കുവാൻ കുട്ടികളെ ഉപദേശിക്കണം. എഫേസ്യർ 6: 1,2,3 വാക്യങ്ങളിൽ പറയുന്ന പ്രകാരം കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെയും അദ്ധ്യാപകരേയും അനുസരിച്ചും ബഹുമാനിച്ചും ജീവിതത്തിൽ മൂല്യങ്ങൾ ഉള്ളവരായി വളർന്നു വരുവാൻ വേണ്ട ഉപദേശം അദ്ധ്യാപകർ നൽകുവാൻ മറക്കരുത്.
8. 18 വയസ്സിൽ താഴെയുള്ള ഇടവകയിലെ എല്ലാ കുട്ടികളും സൺഡേസ്കൂളിൽ പഠിക്കുവാൻ ബഹു. വികാരിയുടെ നേതൃത്വത്തിൽ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും സൺഡേസ്കൂൾ കമ്മറ്റിയും പരിശ്രമിക്കേണ്ടതാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ കാര്യം നമ്മുടെ പള്ളികളിൽ വിളിച്ചു പറയുവാൻ ബഹു.വൈദീകരെ ഹെഡ്മാസ്റ്റർമാർ ഓർമ്മപ്പെടുത്തണം.
9. ഇടവകയിൽപ്പെട്ട ഭവനങ്ങളിൽ മരണം ഉണ്ടാകുമ്പോൾ അവിടെ സൺഡേസ്കൂൾ അദ്ധ്യാപകരുടെ സജീവ സാന്നിദ്ധ്യവും സഹായ സഹകരണവും ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
10. 2019-ൽ 50 വർഷം സേവനം പൂർത്തിയാക്കിയ സൺഡേസ്കൂൾ അദ്ധ്യാപകരുടെ പേരുവിവരം ഫോട്ടോസഹിതം 2020 ഫെബ്രുവരി 28-ാം തീയതിക്കകമായി കേന്ദ്രഓഫീസിൽ എത്തിക്കുവാൻ ബന്ധപ്പെട്ട പ്രവർത്തകരെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. (അപേക്ഷാ ഫോറം വെബ്സൈറ്റിൽ/ ഭദ്രാസന ഡയറക്ടറെ ഏൽപ്പിച്ചിട്ടുണ്ട്)

*മറുപുറം*

11. 2019-ൽ നമ്മെ വിട്ടു കർതൃസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ട അദ്ധ്യാപകരുടേയും കുട്ടികളുടേയും പേരുവിവരം 2020 മാർച്ച് 31-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ അറിയിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു.

12. ബസ്റ്റ് സൺഡേസ്കൂൾ പ്രൊഫോർമ ഭദ്രാസനത്തിൽ നിന്നും കേന്ദ്രഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2020 ഏപ്രിൽ 10 ആണെന്ന് ഓർമ്മിക്കുമല്ലോ. (പ്രൊഫോർമ വെബ്സൈറ്റിൽ / ഭദ്രാസന ഡയറക്ടറെ ഏല്പിച്ചിട്ടുണ്ട്.)

## 13. വർഷാരംഭ സ്റ്റേറ്റ്മെന്റ് 2020

വർഷാരംഭ സ്റ്റേറ്റുമെന്റ് 4 പകർപ്പുകൾ ഇതോടൊപ്പം അയക്കുന്നു. അവയിൽ 3 പകർപ്പുകൾ ഹെഡ്മാസ്റ്റർമാർ ജനുവരി 31 നകം ഇൻസ്പെക്ടർമാർക്ക് നൽകേണ്ടതും ഇൻസ്പെക്ടർമാർ അവ പരിശോധിച്ച് ഫെബ്രുവരി 15 നകം 2 പകർപ്പുകൾ ഡയറക്ടർമാർക്ക് നൽകേണ്ടതും ഡയറക്ടർമാർ അവ വീണ്ടും പരിശോധിച്ച് ജനറൽ സെക്രട്ടറിക്ക് ഫെബ്രുവരി 28 നകം ഒരു കോപ്പി ലഭിക്കത്തക്കവണ്ണം നിർബന്ധമായും അയച്ചിരിക്കണം. ഈ വർഷം തിരഞ്ഞെടുപ്പ് വർഷമായതിനാൽ വോട്ടർ പട്ടിക തയ്യാറാക്കുന്നതിലേയ്ക്ക് സ്റ്റേറ്റ്മെന്റ് കൃത്യസമയത്ത് തന്നെ ലഭിച്ചിരിക്കണം.

വർഷാരംഭ സ്റ്റേറ്റ്മെന്റിലെ എല്ലാ കോളങ്ങളും കൃത്യമായും പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. സമയത്തു തന്നെ വർഷാരംഭസ്റ്റേറ്റ്മെന്റ് ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യുമല്ലോ.

## 14. M.J.S.S.A. ക്യാമ്പ് സൈറ്റ്

M.J.S.S.A. യുടെ ക്യാമ്പ് സൈറ്റ് എന്ന 3 കോടി ക ചെലുവു വരുന്ന പ്രോജക്റ്റിന് രൂപം നൽകി, ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു. 4 നിലകളിലായി നിർമ്മിക്കുന്ന ഈ പ്രൊജക്ടിൽ പാർക്കിംഗിനുള്ള സെല്ലാർ, ഒരു വലിയ ഹാൾ, മിനി കോൺഫ്രൻസ് ഹാൾ, ഗസ്റ്റ് റൂംസ്, ലൈബ്രറി, സെൻട്രൽ കമ്മറ്റി ഹാൾ, പരീക്ഷാഭവൻ എന്നിവ ഉൾപ്പെടും. സൺഡേസ്കൂൾ അദ്ധ്യാപകർ, കുട്ടികൾ എന്നിവർക്കാവശ്യമായ സെമിനാറുകൾ, ധ്യാനയോഗങ്ങൾ, കൗൺസിലിംഗ് ക്ലാസ്സുകൾ, All India Civil Service Exam Foundation course, കേന്ദ്ര സംസ്ഥാന തലങ്ങളിലെ Test, Interview എന്നിവയ്ക്കുള്ള Short term Course കൾ, റിസർച്ച് സെന്റർ എന്നീ ആവശ്യങ്ങൾ നിറവേറ്റുവാൻ ഇന്ന് M.J.S.S.A.യ്ക്ക് കേന്ദ്ര ആസ്ഥാനത്തുള്ള സൗകര്യങ്ങൾ അപര്യാപ്തമായതിനാലും, നൂറു വർഷത്തെ ഭാവിപ്രവർത്തനങ്ങൾ മുന്നിൽ കണ്ടുമാണ് ഈ പ്രൊജക്റ്റിന് കേന്ദ്രസമിതി രൂപം നൽകിയിട്ടുള്ളത്. 8.10.2016 ൽ ശ്രേഷ്ഠ ബാവാ തിരുമനസുകൊണ്ട് അതിനുള്ള അടിസ്ഥാന ശില ഇട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നാളിതുവരെ ഒരു കോടി 85 ലക്ഷം രൂപയോളം മുടക്കി നാല് നിലകളുടെ സ്കെലിട്ടൺ വർക്കുകളും ഗ്രൗണ്ട് ഫ്ളോറിന്റെ മുഴുവൻ പണികളും പൂർത്തിയാക്കിയിട്ടുള്ളതാണ്. ബാക്കി പണികൾ പൂർത്തിയാക്കുന്നതിലേയ്ക്ക് ഇനിയും ഒരു കോടി പതിനഞ്ച് ലക്ഷം രൂപയോളം ആവശ്യമാണ്. M.J.S.S.A. കേന്ദ്രസമിതി അംഗങ്ങൾ എല്ലാവരും സംഭാവനകളായും, പലിശ രഹിത വായ്പകളായും തുകകൾ തന്ന് സഹായിക്കാമെന്ന് ഏറ്റിട്ടുള്ളതാണ്. ബഹു. പള്ളികളുടെയും ഇടവകാംഗങ്ങളുടേയും സൺഡേസ്കൂളുകളുടേയും, മറ്റെല്ലാ സംഘടനകളുടെയും നിർലോഭമായ സഹകരണവും ഇതിലേയ്ക്കു കൂടിയേ മതിയാകു. മുറികൾ സ്പോൺസർ ചെയ്തും മറ്റ് വിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകിയും പരിശുദ്ധ സഭക്കും, M.J.S.S.A. ക്കും അഭിമാനമായ ഈ സ്വപ്ന പദ്ധതി എത്രയും വേഗം പൂർത്തിയാക്കുവാൻ ഏവരുടേയും സഹായം അഭ്യർത്ഥിക്കുന്നു.

## 15. M.J.S.S.A. ശതാബ്ദി ആഘോഷ പരിപാടികൾ

ഭാഗ്യസ്മരണാർഹനായ സത്യവിശ്വാസ സംരക്ഷകൻ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി 1920 ൽ ആരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ന് ശതാബ്ദിയിൽ എത്തിനിൽക്കുന്നു. വലിയ തിരുമേനിയുടെ ഓർമ്മദിനമായ 2019 ജനുവരി 26 ന് ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും M.J.S.S.A. ക്യാമ്പ്സൈറ്റിന്റെ ഗ്രൗണ്ട് ഫ്ളോർ കൂദാശയും നടത്തുകയുണ്ടായി. ശതാബ്ദി വർഷത്തിൽ വിവിധ പരിപാടികൾക്ക് കേന്ദ്ര സമിതി രൂപം നൽകുകയും, അതിനായി വിവിധ ഉപസമിതികൾക്കു രൂപം നൽകിയിട്ടുള്ളതുമാണ്. 2020 ൽ ശതാബ്ദി ആഘോഷ പരിപാടികൾ സമാപിക്കും.

## 16. പെന്തിക്കോസ്തികാണിക്ക

M.J.S.S.A. യുടെ പ്രവർത്തനങ്ങൾക്കായുള്ള പ്രധാന ധനാഗമന മാർഗ്ഗമാണല്ലോ പെന്തിക്കോസ്തികാണിക്ക. പെന്തിക്കോസ്തി ദിനത്തിൽ തന്നെ തുകകൾ ഡിസ്ട്രിക്റ്റ് ഭാരവാഹികൾ നേരിട്ട് കളക്റ്റ് ചെയ്ത് യഥാസമയം തന്നെ M.J.S.S.A.യിൽ ലഭിക്കുന്നതിനും അത് വ്യക്തമായി വർഷാരംഭ സ്റ്റേറ്റുമെന്റിൽ ചേർക്കുന്ന കാര്യത്തിലും ഭാരവാഹികൾ ശ്രദ്ധിക്കണം. കഴിഞ്ഞ വർഷം ഈ ഇനത്തിൽ 10,41,534/ക ലഭിച്ചപ്പോൾ ഈ വർഷം നാളിതു വരെ 7,03,359/ ക മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിഹരിച്ച് കൂടുതൽ തുകകൾ എം.ജെ.എസ്.എസ്.എ.യിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ ഭാരവാഹികൾ സ്വീകരിക്കണം.

## 17. ജെ.എസ്.വി.ബി.എസ്. & Day of Giving

2020 ലെ ജെ.എസ്.വി.ബി.എസ്. പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിന് വേണ്ടതായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കൂടുതൽ കേന്ദ്രങ്ങളിൽ ജെ.എസ്.വി.ബി.എസ്. നടത്തുവാൻ ശ്രദ്ധിക്കണം. ജെ.എസ്.വി.ബി.എസ് സംബന്ധിച്ചുള്ള വിശദമായ സർക്കുലർ അയക്കുന്നതാണ്. പരിഷ്ക്കരിച്ച പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ചെയ്തു വരുന്നത്. Day of Giving ഇനത്തിൽ 2018-2019 ൽ 11,42,822/- രൂപ ലഭിക്കുകയുണ്ടായി. ഈ വർഷം നാളിതുവരെ 7,80,404/- മാത്രമാണ് ലഭിച്ചിട്ടുള്ളത്. കുറവുകൾ പരിശോധിച്ച് എം.ജെ.എസ്.എസ്.എ. യിൽ കൂടുതൽ തുക എത്തിക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഭാരവാഹികൾ സ്വീകരിക്കേണ്ടതാണ്. ഈ തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. ആയതിനായി ഈ വർഷം കൂടുതൽ തുക ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്. അതോടൊപ്പം ജെ.എസ്.വി. ബി.എസ്. കേന്ദ്രങ്ങളുടെ വിവരവും ഭാരവാഹികൾ വഴി M.J.S.S.A. ൽ അറിയിക്കേണ്ടതാണ്. ഡേഓഫ്ഗിവിംഗ് തുക യഥാസമയം തന്നെ M.J.S.S.A.യിൽ അടയ്ക്കുന്നതിനും, വർഷാരാംഭസ്റ്റേറ്റ്മെന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

## 18. വാർഷിക പരീക്ഷ

പത്താം ക്ലാസ്സിലേയും പന്ത്രണ്ടാം ക്ലാസ്സിലേയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി റിസൽട്ട് 2020 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്നതിന് ആഗ്രഹിക്കുന്നു. ഉത്തരക്കടലാസുകൾ റീവാല്യൂ ചെയ്യുന്നതിന് 100 രൂപാ ഫീസടച്ച് ഹെഡ്മാസ്റ്റർ വഴി കുട്ടിയുടെ അപേക്ഷ ജനുവരി 25-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ടതാണ്. 2020 വർഷത്തെ 10,11,12 ക്ലാസുകളിലെ കുട്ടികളുടെ രജിസ്ട്രേഷൻ ഫോം (എ ലിസ്റ്റ്) സൈറ്റിൽ നിന്ന് നേരിട്ട് ലഭിക്കുന്നതും ഓൺലൈനിൽ പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. 2020 ജൂലൈ 31 നു മുമ്പ് കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കേണ്ടതാണ്. എ ലിസ്റ്റ്, പരീക്ഷാസ്റ്റേറ്റുമെന്റുകൾ എന്നിവ യഥാസമയം തന്നെ കൃത്യമായി M.J.S.S.A.യിൽ ലഭിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതും ഇൻസ്പെക്ടർമാർ കേന്ദ്രഓഫീസിൽ യഥാസമയം തന്നെ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാതെ വരികയോ, തെറ്റായ തരത്തിൽ സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കുകയോ ചെയ്യുന്നതായാൽ അപ്രകാരമുള്ള കുട്ടികൾക്കു പരീക്ഷ എഴുതുവാൻ സാധിക്കുകയില്ലെന്നറിയിക്കുന്നു. സമയത്തു രജിസ്ട്രേഷൻ നടത്താത്ത കുട്ടികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതുവാൻ മേലിൽ അനുവദിക്കുന്നതല്ല.

## 19. XI-ാം ക്ലാസ്സിലെ ഉത്തരകടലാസ്

XI ാം ക്ലാസ്സിൽ ഡിസ്ട്രിക്റ്റ് തലത്തിൽ മൂല്യനിർണ്ണയം നടത്തി പ്രൊമോഷൻ കൊടുക്കേണ്ടതും തന്നിരിക്കുന്ന രജിസ്റ്റർ നമ്പരിട്ട എ ലിസ്റ്റിൽ മാർക്ക് രേഖപ്പെടുത്തി 2020 ജനുവരി 10 നകം ഇൻസ്പെക്ടർമാർ കേന്ദ്രഓഫീസിൽ നിർബന്ധമായും തിരിച്ചേൽപ്പിക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കാതിരുന്നാൽ XII ാം ക്ലാസിലെ പരീക്ഷ എഴുതുവാൻ കുട്ടികൾക്ക് സാധിക്കാതെ വരും. XI ാം ക്ലാസ് പാസ്സാകാത്തവരെ XII ാം ക്ലാസ്സിൽ ചേർന്നു പഠിക്കുന്നതിനോ + 2 പരീക്ഷ എഴുതുന്നതിനോ അനുവദിക്കുകയില്ല. പത്താം ക്ലാസിൽ പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുകയോ പരീക്ഷ പാസാകാതിരിക്കുകയോ ചെയ്യുന്ന കുട്ടികൾ തുടർന്ന് റഗുലർ സ്റ്റുഡന്റ്സ് ആയിരിക്കുന്നതല്ല. പ്രൈവറ്റ്സ്റ്റുഡന്റ് ആയി ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്ന അവർക്ക്, 18 വയസ്സ് നിബന്ധന ബാധകമായിരിക്കുകയില്ല.

## 20. പ്ലസ് 2 കോഴ്സ്

പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകൾ വിജയകരമായി നടന്നുവരുന്നതിൽ നമുക്ക് അഭിമാനിക്കാം. ടി കോഴ്സ് ആരംഭിക്കാത്ത സൺഡേസ്കൂളുകളിൽ ഈ വർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ ഉത്സാഹിക്കണം. അദ്ധ്യാപകർ പാഠഭാഗങ്ങൾ പഠിച്ച് പ്രാർത്ഥിച്ച് ഒരുങ്ങുമല്ലോ. 10-ാം ക്ലാസിനു ശേഷം കുട്ടികൾ തുടർ വിദ്യാഭ്യാസത്തിനു താത്പര്യം കാണിക്കുന്നില്ലെന്ന് മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഇടവക വികാരി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 21. ജീവകാരുണ്യ പ്രവർത്തനങ്ങൾ

സൺഡേസ്കൂൾ വിദ്യാർത്ഥികൾ ജീവകാരുണ്യ പ്രവർത്തനങ്ങളെ കുറിച്ച് ബോധവാന്മാരാകത്തക്കവിധം സൺഡേസ്കൂൾ തലത്തിൽ വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. M.J.S.S.A. ഈ വർഷം നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും കഴിയുന്ന രീതിയിൽ സഹായിക്കുകയും ചെയ്യുമല്ലോ. M.J.S.S.A. യുടെ ജീവകാരുണ്യ ധനസഹായം ലഭിച്ച് പഠനം പൂർത്തിയാക്കിയ കുട്ടികൾ മറ്റൊരു കുട്ടിയെ സ്പോൺസർ ചെയ്യുക എന്ന പദ്ധതി പ്രകാരം M.J.S.S.A. യെ സഹായിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

## 22. ആത്മദീപം മാസിക/പുതിയ വരിക്കാർ

ഈ വർഷം ആത്മദീപം പ്രചരണം 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ആണ്ടാരംഭത്തിൽ 1-ാം ക്ലാസ്സിൽ 5000 ൽപരം കുട്ടികൾ പുതുതായി സൺഡേസ്കൂളിൽ ചേരുമല്ലോ. എല്ലാ കുട്ടികളുടേയും ഭവനങ്ങളിൽ ആത്മദീപം നിർബന്ധമായും ഉണ്ടാകണമെന്നതാണ് M.J.S.S.A. ലക്ഷ്യമിടുന്നത്. അതോടൊപ്പം എല്ലാ അദ്ധ്യാപകരുടേയും, കുട്ടികളുടേയും കുടുംബങ്ങളിലും ആത്മദീപം എത്തണം. മാർച്ച് 31-നകം ഇതു പൂർത്തിയാക്കണം. ആയതിനുള്ള ശ്രമങ്ങൾ ഹെഡ്മാസ്റ്റർമാർ, ആത്മദീപം ഓർഗനൈസർമാർ എന്നിവർ സൺഡേസ്കൂൾ തലങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. ആയതു സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് പ്രത്യേക പ്രൊഫോർമയിൽ ഇൻസ്പെക്ടർ/ ഡയറക്ടർമാർ എന്നിവർ തയ്യാറാക്കി ജനറൽ സെക്രട്ടറിക്കു എല്ലാ മാസവും 10-ാം തീയതിക്കകം ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്. ആത്മദീപം ഓർഗനൈസർമാരെ സ്കൂൾ തലങ്ങളിൽ ജനുവരി ആദ്യ വാരം തന്നെ തെരഞ്ഞെടുക്കേണ്ടതും ആത്മദീപം വരിക്കാരെ ചേർക്കുന്ന ചുമതല അദ്ദേഹത്തിന് നൽകുകയും ഹെഡ്മാസ്റ്റർമാരുടെ മേൽനോട്ടത്തിൽ പരമാവധി വരിക്കാരെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

## 23. സുറിയാനി പഠനം

നമ്മുടെ കർത്താവും ശിഷ്യന്മാരും സംസാരിച്ചിരുന്ന സുറിയാനി ഭാഷ പഠിപ്പിക്കുന്നതും പഠിക്കുന്നതും അഭിമാനകരമാണ്. ഭദ്രാസന തലത്തിലും ഡിസ്ട്രിക്റ്റ് തലത്തിലും സുറിയാനി പഠനം തുടർന്നും നടത്തുവാൻ എല്ലാവരും സഹകരിക്കുകയും ഭാരവാഹികൾ ഉത്സാഹിക്കുകയും ചെയ്യുമല്ലോ.

## 24. പാഠപുസ്തകങ്ങൾ

എല്ലാ പാഠപുസ്തകങ്ങളും M.J.S.S.A. കേന്ദ്രഓഫീസിൽ വിതരണത്തിന് തയ്യാറായിട്ടുണ്ട്. പാഠപുസ്തക വില താഴെ കൊടുക്കുന്നു. ഒന്നു മുതൽ ആറ് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളതാണ്. പാഠപുസ്തകങ്ങൾക്ക് കമ്മീഷൻ ഈ വർഷവും ഉണ്ടാകുന്നതല്ല.

| ക്ലാസ്സ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Att. Reg. | Ad. Form | Ad. Reg. | Constitution | Aradhana Geetham | Thanka Vakyam |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വില | 65 | 65 | 65 | 65 | 65 | 65 | 30 | 30 | 30 | 30 | 30 | 30 | 15 | 1 | 150 | 20 | 50 | 40 |

മറുപുറം

## 25. വാർഷിക പിരിവ്

സൺഡേസ്കൂൾ അസ്സോസിയേഷൻ ഫണ്ട്, പെൻഷന് ഫണ്ട് എന്നിവ 2020 മുതൽ പൊതുയോഗ തീരുമാനപ്രകാരം ഓരോന്നും 200/- ക വീതം ആയി വർദ്ധിപ്പിച്ചിട്ടുള്ളതാണല്ലോ. വാർഷിക വിഹിതത്തോടൊപ്പം ആയതും അടച്ചിരിക്കണം. ഇതിനും പുറമെ സൺഡേസ്കൂൾ അദ്ധ്യാപകർ, രക്ഷിതാക്കൾ, ഇടവക പള്ളികൾ, സൺഡേസ്കൂളുകൾ, മറ്റ് അഭ്യുത യകാംഷികൾ എന്നിവരിൽ നിന്നും ഈ പദ്ധതിയിൽ തുകകൾ സംഭാവനയായി നൽകാവുന്നതുമാണ്.

## 26. അദ്ധ്യാപക പെൻഷൻ

അദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് മാനുവലിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള അപേക്ഷ കൾ ജനറൽ സെക്രട്ടിക്കു അയക്കാവുന്നതാണ്. നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം അർഹരായ മുഴുവൻ അ ദ്ധ്യാപകർക്കും പ്രതിമാസ പെൻഷൻ അനുവദിക്കുവാൻ സാധിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്ന അദ്ധ്യാപകർ തൊട്ട ടുത്ത ഫെഡറൽ ബാങ്ക് ബ്രാഞ്ചിൽ എസ്.ബി. നിക്ഷേപ കണക്ക് ആരംഭിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും.

## 27. കൂപ്പൺ കളക്ഷൻ

കൂപ്പൺ കളക്ഷൻ സംബന്ധിച്ച കണക്കുകൾ ഓരോ സൺഡേസ്കൂളുകളും ഇൻസ്പെക്ടർമാർക്കും, ഇൻസ്പെക്ടർമാർ ഡയറക്ടർമാർക്കും, ഡയറക്ടർമാർ ജനറൽ സെക്രട്ടറിക്കും രേഖാമൂലം ലഭിക്കത്തക്കവണ്ണം വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്നും ആയത് ആഡിറ്റിന് വിധേയമാക്കേണ്ടതാണെന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. എന്നിട്ടും നാളിതുവരെ കണക്കുകളും ബാക്കി കൂപ്പണുകളും എത്തിക്കാത്ത ഭദ്രാസനങ്ങൾ ഉണ്ട് എന്നുള്ളതു ദുഃഖകരമാണ്. ഇത് വളരെ ഗൗരവത്തോടെയാണ് M.J.S.S.A. കാണുന്നത്. അങ്ങനെയുള്ളവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കേണ്ട തായി വരുമെന്നും ഓർമ്മിപ്പിക്കുന്നു. ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്കായി 10,000 രൂപ സംഭാവന തരു ന്നവരുടെ പേരുകളും, ഒരു ലക്ഷം രൂപയോ അതിൽ കൂടുതലോ പലിശ രഹിത വായ്പയായി നൽക്കുന്നവരുടെ പേരുകളും മെയിൻ ഹാളിലും, മുറികൾവസ്പോൺസർ ചെയ്യുന്നവരുടെ പേരുകൾ അതതു മുറികളുടെ മുന്നിലും രേഖപ്പെടുത്തി വയ്ക്കുന്നതാണ്. ഓരോ ഡിസ്ട്രിക്റ്റുകളിൽ നിന്നും കുറഞ്ഞത് 10 പേരെയെങ്കിലും 10,000 ക തരുന്നതിനായി കണ്ടുപിടിച്ച് ഫണ്ട് സമാഹരിക്കേണ്ടതാണ്. കഴിയുന്നതും ബഹു.പള്ളികളും, സൺഡേസ്കൂളുകളും വ്യക്തികളും ഇപ്രകാരം തുക കൾ നൽകി അവരുടെ പേരുകളും രേഖപ്പെടുത്തുന്നതിനും വേണ്ട ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്. പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നു വരുന്നത്. എല്ലാ ഹെഡ്മാസ്റ്റർമാരുടേയും ഡിസ്ട്രിക്റ്റ് ഭാരവാ ഹികളുടേയും പ്രത്യേകം ശ്രദ്ധ ഈ കാര്യങ്ങളിൽ ഉണ്ടാകണമെന്ന് സ്നേഹബുദ്ധ്യ അറിയിക്കുന്നു.

## 28. ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്രതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്.

2020 പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പു വർഷമാണല്ലൊ, തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ കാലാ വധി 3 വർഷമായിരിക്കും എം.ജെ.എസ്.എസ്.എ. ഭേദഗതി ചെയ്ത ഭരണഘടനപ്രകാരം സമയബന്ധിതമായി തെരഞ്ഞെ ടുപ്പുകൾ പൂർത്തീകരിക്കേണ്ടതാണ്. ഫെബ്രുവരി 28-നകം ഡിസ്ട്രിക്റ്റു തലത്തിലും, ഏപ്രിൽ 30-നകം ഭദ്രാസനതല ത്തിലും തെരഞ്ഞെടുപ്പുകൾ നടത്തി മാർച്ച് 1-നോ അതിനകമോ പുതിയ ഡിസ്ട്രിക്റ്റ് ഭാരവാഹികളും മേയ് 1 നോ അതി നകമോ പുതിയ ഭദ്രാസന ഭാരവാഹികളും ചാർജ് എടുത്തിരിക്കേണ്ടതാണ്. ഭരണഘടന വകുപ്പ് 74 പ്രകാരം, കേന്ദ്ര ഭാര വാഹികളുടെ തെരഞ്ഞെടുപ്പു നടക്കുന്നതും ജൂലൈ 1 നോ അതിനകമോ പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുക്കുന്ന തുമാണ്. തെരഞ്ഞെടുപ്പു നടപടികൾ എം.ജെ.എസ്.എസ്.എ ഭേദഗതി ചെയ്ത ഭരണഘടന പ്രകാരവും ഉപനിയമങ്ങൾ പാലിച്ചും പരാതികളില്ലാതെയും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഭാരവാഹികൾ സ്വീകരി ക്കേണ്ടതാണ്.

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**MOB: 9745046911, 8281325911**